# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5417** **04/07/2013 ൽ മറുപടിക്ക്**

## തൃശ്ശൂർ ജില്ലയിൽ കാൻസർ രോഗബാധിതരുടെ എണ്ണം

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ കാൻസർ രോഗ ബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതായ കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) | തൃശ്ശൂർ ജില്ലയിൽ നിന്നും ആർ.സി.സി.യിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ കണക്കനുസരിച്ച് തൃശ്ശൂർ ജില്ലയിലെ കാൻസർ രോഗ ബാധിതരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരുന്നതായി കാണുന്നില്ല. എന്നാൽ 2002 മുതൽ 2012 വരെ ആർ.സി.സി.യിൽ എത്തിയ രോഗികളുടെ എണ്ണത്തിൽ 4.7% മുതൽ 5 ശതമാനം വരെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ വർഷം മാത്രം തൃശ്ശൂർ ജില്ലയിൽ നിന്നും എത്ര കാൻസർ രോഗികൾ പുതുതായിട്ടും എത്രപേർ തുടർചികിത്സക്കു വേണ്ടിയും തിരുവനന്തപുരത്ത് റീജിയണൽ കാൻസർ സെന്ററിൽ എത്തിയിട്ടുണ്ടെന്ന് പറയാമോ ; | (ബി) | 2013 ജനവരി 1 മുതൽ ജൂൺ 27 വരെ തൃശ്ശൂർ ജില്ലയിൽ നിന്നും 412 പേർ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ജില്ലയിൽ നിന്ന് ഈ കാലയളവിൽ 1566 തുടർ പരിശോധന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) | കാൻസർ രോഗികളുടെയും അവരെ പരിചരിക്കുന്ന ബന്ധുക്കളുടെയും ദീർഘദൂര യാത്രയിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ കാൻസർ രോഗ ചികിത്സയ്ക്കു വേണ്ടിമാത്രം ഒരു വകുപ്പ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | നിലവിൽ കാൻസർ രോഗ ചികിത്സയ്ക്കായി റേഡിയോതെറാപ്പി വിഭാഗം തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ